# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1613

04.10.2016-ൽ മറുപടിക്ക്

## ഇ-സ്റ്റാമ്പിംഗ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) ഭൂവുടമസ്ഥത കൈമാറ്റം രജിസ്റ്റർ ചെയ്യുന്നതിന് പരമ്പരാഗത മുദ്രപത്രങ്ങളെ ഒഴിവാക്കി കമ്പ്യൂട്ടറധിഷ്ഠിതമായി നടപ്പാക്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇ-സ്റ്റാമ്പിംഗ് സേവനത്തിനാവശ്യമായ സോഫ്റ്റ് വെയർ സംവിധാനം രൂപകല്പന ചെയ്ത് ആയതിന്റെ പരീക്ഷണ പരിപാടികൾ നടന്നുവരുന്നു. ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീയതി നിശ്ചയിച്ചു നൽകിയിട്ടില്ല. |
| ബി) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | ബി) ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ വിവരിക്കുന്നു.<br>1. വ്യാജമുദ്രപ്പത്രങ്ങൾ തടയുവാൻ കഴിയുന്നു.<br>2. ഇ-സ്റ്റാമ്പിംഗ് മുഖേന തുക ഒടുക്കിയ വിവരം ഓൺലൈനായി പരിശോധിക്കുവാൻ കഴിയുന്നതാണ്.<br>3. ഇ-സ്റ്റാമ്പിംഗ് പ്രകാരം ഡിഫേസിംഗ് സംവിധാനം ഉള്ളതിനാൽ തിരിമറികൾക്ക് സാധ്യതയില്ല. |

4. സ്റ്റാമ്പ് വിതരണ നാൾവഴികൾ കമ്പ്യൂട്ടർ മുഖാന്തിരം ആയതിനാൽ തിരുത്തലുകൾക്ക് സാധ്യതയില്ല.
5. ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർക്കും ഏത് സമയത്തും സ്റ്റാമ്പ് വാങ്ങാവുന്നതാണ്.

സി) ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സി)

1. പദ്ധതി നടപ്പിലാക്കുന്നതിനായി G.O(Ms)No.19/2016/TD dated 09.02.2016 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.
2. ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിനായി കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ നിയമഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. ഇ-സ്റ്റാമ്പിംഗ് സേവനത്തിനാവശ്യമായ സോഫ്റ്റ് വെയർ സംവിധാനം രൂപകല്പന ചെയ്ത് ആയതിന്റെ പരീക്ഷണ പരിപാടികൾ നടന്നുവരുന്നു. ഇതു സംബന്ധിച്ച് നാഷണൽ ഇൻഫോർമാറ്റിക് സെന്ററു (NIC) മായും ട്രഷറി വകുപ്പുമായും ചർച്ച നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**